ഹരിതകേരളം മിഷൻ
കേരള സർക്കാർ

**31.05.2018**

പത്രക്കുറിപ്പ്

# ഹരിതകേരളം മിഷൻ പരിസ്ഥിതിദിന ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു

ഹരിതകേരളം മിഷൻ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി അവാർഡ് ഏർപ്പെടുത്തുന്നു. സംസ്ഥാനത്ത് ജൂൺ 5 ന് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടക്കുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾ ആധാരമാക്കി, കേരളത്തിന്റെ ഹരിത സമൃദ്ധിയുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ നേർക്കാഴ്ച നൽകുന്ന ഫോട്ടോകൾക്കായിരിക്കും അവാർഡ് നൽകുക. ഫോട്ടോകൾക്കൊപ്പം പരിപാടിയെക്കുറിച്ചുള്ള ഹ്രസ്വ വിവരണവും ഉൾപ്പെടുത്തേണ്ടതാണ്. സംസ്ഥാനതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനത്തേക്ക് ക്യാഷ് അവാർഡും സാക്ഷ്യപത്രവും ലഭിക്കും. കൂടാതെ പതിനാല് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഓരോ ഫോട്ടോകൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡും സാക്ഷ്യപത്രവും നൽകും. മൊബൈൽ ഫോണിലെടുത്തതുൾപ്പെടെ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. www.contest.haritham.kerala.gov.in എന്ന യു.ആർ.എൽ വഴി ഓൺലൈനായി മാത്രമേ അപേക്ഷയും ഫോട്ടോകളും സ്വീകരിക്കുകയുള്ളൂ. ഹരിതകേരളം മിഷൻ വെബ്സൈറ്റിലാണ് ഇതിനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നത്. മത്സരാർത്ഥി തന്നെ എടുത്തതും പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ടതുമായ ഫോട്ടോഗ്രാഫുകളായിരിക്കണം മത്സരത്തിന് അയക്കേണ്ടത്. ജൂൺ 5, 6, 7, 8 തീയതികളിലാണ് എൻട്രികൾ ഓൺലൈനായി സമർപ്പിക്കാം. മത്സരം സംബന്ധിച്ച നിയമാവലി ഉൾപ്പെടെ വിശദ വിവരങ്ങൾ ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ (www.haritham.kerala.gov.in ) ലഭ്യമാണ്.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**